DESPATCHED
On. 11/1/22

06/12/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic@kerala.nic.in**


**CP.74(6)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 1522/SIC-G5/2021**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. രാജൻ,
ഐശ്വര്യ,
കുന്നിരിക്ക, പതിരിയാട് പി.ഒ.,
പിണറായി, കണ്ണൂർ – 670 741. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
കണ്ണൂർ. } എതിർകക്ഷി

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 09/08/2021 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം എതിർകക്ഷി ശ്രീമതി. സുഗത കുമാരി പി.വി., സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, നൽകിയിട്ടുള്ള വിശദീകരണവും അനുബന്ധരേഖകളും പരിശോധിച്ചതിൽ ആയതിൽ പ്രതിപാദിക്കുന്ന വിവരങ്ങൾ നിരാകരിക്കുവാൻ തക്ക കാരണങ്ങൾ ഒന്നും തന്നെ കമ്മീഷൻ കാണുന്നില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരം ഉള്ള ഫയൽ കൈകാര്യം ചെയ്യുമ്പോൾ കാട്ടേണ്ട ശ്രദ്ധയും ജാഗ്രതയും കാണിച്ചിട്ടുള്ളതായി കാണുന്നില്ല. വിവരങ്ങൾ നൽകാതിരിക്കുവാനോ കാലതാമസം വരുത്തുന്നതിനോ മനഃപൂർവ്വമായി ശ്രമിച്ചിട്ടില്ല എന്നും കാണുന്നു. മേലിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധയും ജാഗ്രതയും ചെലുത്തേണ്ടതാണ് എന്ന് എതിർകക്ഷിക്ക് കർശന നിർദ്ദേശം നൽകികൊണ്ട് പരാതി ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2021 ഡിസംബർ 06 – ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

RIGHT TO INFORMATION

sh